SCSC

(Pages : 4)

**N – 1175**

Reg. No. : ..............................

Name : ..................................

# Sixth Semester B.A. Degree Examination, April 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course

## ML 1642 : മലയാളവ്യാകരണം

## (2018 & 2019 Admission)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ ഒന്നോ രണ്ടോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കേരളഭാഷാവ്യാകരണം ചർച്ച ചെയ്യുന്ന ആദ്യകൃതി ഏത്?

2. 'മനുഷ്യബുദ്ധിയുടെ ഏറ്റവും മഹത്തായ സ്മാരകങ്ങളിലൊന്ന്' എന്ന് വിശേഷിപ്പിക്കപ്പെട്ട വ്യാകരണകൃതി ഏത്?

3. 'മലയാളഭാഷാവ്യാകരണം' എന്ന കൃതി രചിച്ചതാര്?

4. മലയാളത്തിലെ ഏത് വർണ്ണമാണ് തമിഴിൽ 'കുറ്റിയലുകരം' എന്നറിയപ്പെടുന്നത്?

5. എന്താണ് 'ഉഭയസന്ധി' ?

6. ഒരു കൃതിക്ക് കീഴടങ്ങുന്ന പറ്റുവിനയേത് ?

7. മറ്റ് പദങ്ങൾക്ക് കീഴടങ്ങാതെ നിൽക്കുന്ന അപൂർണ്ണക്രിയയ്ക്ക് വിളിക്കുന്ന പേര് ?

P.T.O.

SCSC

8. ഗതി ചേർന്ന വിഭക്തിയെ പറയുന്ന പേര്.

9. 'മടയത്തം' ഏത് തദ്ധിതത്തിൽപ്പെടുന്നു ?

10. 'മുപ്പാര്' സമാസമേത് ?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

11. വർണ്ണം, അക്ഷരം ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

12. കരണവിഭ്രമം എന്നാൽ എന്ത്?

13. ഭാഷാപരിണാമ ഹേതുക്കൾ ഏതെല്ലാം?

14. വിനാമക്രിയ എന്നാൽ എന്ത്?

15. പ്രയോജകക്രിയ എന്നാലെന്ത്? വിശദമാക്കുക.

16. 'അനുനാസിക സംസർഗ്ഗം

സ്വാർത്ഥവിശ്രാന്തിസൂചകം'

- വിശദീകരിക്കുക.

17. 'ണസ്ഥസ്യട' - വ്യാഖ്യാനിക്കുക.

18. വിഭക്ത്യാഭാസത്തെക്കുറിച്ച് കുറിപ്പെഴുതുക.

19. ദ്യോതകവിഭാഗങ്ങൾ ഏവ?

20. ബഹുവചനവിഭാഗങ്ങൾ ഏവ?

21. പുരുഷഭേദനിരാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

SCSC

22. കർമ്മണിപ്രയോഗം എന്തെന്ന് വിശദീകരിക്കുക.

23. മലയാളത്തിൽ സംവൃതോകാരത്തിനുള്ള സവിശേഷതകൾ വിവരിക്കുക.

24. പൂരണിതദ്ധിതം എന്തെന്ന് വിശദമാക്കുക.

25. സങ്കീർണ്ണവാക്യം എന്നാൽ എന്ത്?

26. മധ്യമപദലോപി സമാസത്തിന്റെ പ്രത്യേകതയെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. മലയാളത്തിൽ വർത്സ്യവർഗത്തിന്റെ പ്രസക്തി വിവരിക്കുക.

28. ഖരമൃദുവിനിമയം എന്നാൽ എന്ത്? വിശദമാക്കുക.

29. മലയാളത്തിലെ വിനയെച്ചങ്ങളുടെ പ്രയോഗം എപ്രകാരമെന്ന് വിവരിക്കുക.

30. ലീലാതിലകത്തിലെ കൂന്തൽവാദം സംഗ്രഹിച്ച് മലയാളവ്യാകരണചർച്ചയിൽ അതിന്റെ പ്രാധാന്യമെന്തെന്ന് വിശദീകരിക്കുക.

31. വർണ്ണങ്ങൾക്ക് ശ്രുതിഭേദമുണ്ടാകുന്നതിന് കേരളപാണിനി അവതരിപ്പിക്കുന്ന ആറ് തരം കാരണങ്ങളേവ?

32. വർണ്ണവികാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? അതുണ്ടാവാനുള്ള കാരണങ്ങൾ വിവരിക്കുക.

33. കേരളപാണിനിയുടെ ഭേദകവിഭജനം ചർച്ച ചെയ്യുക.

34. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് വിവരിക്കുക.

35. മലയാളത്തിലെ വിഭക്തികളെ കേരളപാണിനി അവതരിപ്പിക്കുന്നതിലെ സവിശേഷതയെന്ത്?

SCSC

36. തദ്ധിതം എന്നാൽ എന്ത്? തദ്ധിതവിഭാഗങ്ങൾ ഏവ?

37. മലയാളവ്യാകരണകൃതികൾ സമാസത്തെ വിവരിക്കുന്നത് എങ്ങനെയെല്ലാം?

38. കൃത്തുക്കൾ എന്നാലെന്ത്? കൃതികൃത്തും കാരകകൃത്തും തമ്മിലുള്ള വ്യത്യാസമെഴുതുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (**രണ്ടെണ്ണം**)

39. കേരളപാണിനീയത്തിലെ സന്ധിചർച്ചകളെ ലീലാതിലകത്തിലെ സന്ധിസൂത്രങ്ങളുമായി ചേർത്തുവെച്ച് ചർച്ച ചെയ്യുക.

40. കേരളപാണിനിയുടെ ക്രിയാവിഭജനം വിലയിരുത്തുക.

41. വർത്തമാനകാലപ്രത്യയത്തിന്റെ ആഗമത്തെക്കുറിച്ചുള്ള ഭിന്നമതങ്ങൾ സംഗ്രഹിക്കുക.

42. പ്രകാരങ്ങളുടെ വ്യാകരണപരവും സാംസ്ക്കാരികവുമായ സവിശേഷതകൾ വിവരിക്കുക.

43. മലയാളത്തിലെ വാക്യഘടനയെക്കുറിച്ച് ഉപന്യസിക്കുക.

44. മലയാളത്തിലെ പ്രധാനപ്പെട്ട വ്യാകരണഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുക.

**(2 × 15 = 30 Marks)**

---